**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4773** **02-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യമാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ശോചനീയാവസ്ഥയിലുള്ള മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനും ചെറുകിട മത്സ്യവില്പനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ? | (എ) | സംസ്ഥാനത്ത് ശോചനീയാവസ്ഥയിലുള്ള മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനും ചെറുകിട മത്സ്യ വില്പനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വിവിധ മത്സ്യമാർക്കറ്റ് നിർമ്മാണം / ആധുനിക വൽക്കരണം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• സംസ്ഥാനത്തെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 142 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട് പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.<br>• സംസ്ഥാന ബഡ്ജറ്റ് വിഹിതം, നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി യഥാക്രമം ആലപ്പുഴ ജില്ലയിലെ നൂറനാട് (1.50 കോടി), കൊല്ലം ജില്ലയിലെ നെടുമൺകാവ് (5.02 കോടി) എന്നിവിടങ്ങളിൽ ഓരോ മാർക്കറ്റ് നിർമ്മാണ പദ്ധതി പുരോഗമിച്ചു വരുന്നു.<br>• പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധന സഹായത്തോടെ അത്യാധുനിക മത്സ്യമാർക്കറ്റ് സമുച്ചയം എറണാകുളം ജില്ലയിലെ ആലുവ (48.23 കോടി രൂപ) കോഴിക്കോട് ജില്ലയിലെ കോഴിക്കോട് (55.17 കോടി) എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• പി.എം.എം.എസ്.വൈ-ൽ ഉൾപ്പെട്ട സംയോജിത ആധുനിക മത്സ്യഗ്രാമ |

| | | | |
|---|---|---|---|
| | | | പദ്ധതിയിലുൾപ്പെടുത്തി, കണ്ണൂർ ജില്ലയിലെ ചാലീൻഗോപാൽപേട്ട മത്സ്യഗ്രാമത്തിൽ തലായി ഫിഷിംഗ് ഹാർബറിന് സമീപം 2.81 കോടി രൂപ അടങ്കൽ തുകയിൽ ഒരു മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ